بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 24.04.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*24.04.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

### നമ്മൾ പരിപൂർണമായ നിലയിൽ നമ്മളെ അല്ലാഹുവിന്റെ മുമ്പിൽ ഇടുക. അവന്റെ തിരുസന്നിധിയിൽ നമ്മെ വീഴ്ത്തുക. എന്നാൽ, എല്ലാം സ്വയമേവ കിട്ടുന്നതാണ്. നമുക്ക് അനിവാര്യമായിട്ടുള്ള അഭിവൃദ്ധിയും ലഭിക്കുന്നതാണ്. അല്ലാഹുവിനെ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

മതവിരുദ്ധമായ ഒരു ചോദ്യം ഈയ്യിടെ അധിമധികമായി പ്രചരിച്ചുവരുന്നുണ്ട്. സൽസ്വഭാവം ഉണ്ടെങ്കിൽ, അല്ലെങ്കിൽ ഭൗതികവിദ്യാഭ്യാസം സൽസ്വഭാവത്തിലേക്ക് നയിക്കുന്നുവെങ്കിൽ പിന്നെ മതത്തിൽ വിശ്വസിക്കേണ്ട ആവശ്യമെന്ത്? എന്നതാണ് ആ ചോദ്യം. മതവും പറയുന്നത് അത് നിങ്ങളെ സൽസ്വഭാവം പഠിപ്പിക്കുന്നുവെന്നാണ്. മതവിശ്വാസികൾ പറയുന്നത് സൽസ്വഭാവം തങ്ങളിലുണ്ടായിരിക്കുന്നു എന്നാണ്. മതമൊന്നും ഇല്ലാത്തവരുടെ എന്നല്ല ലൗകികരിൽ അധികമാളുകളുടേയും സൽസ്വഭാവം മതവിശ്വാസികളുടേതിനെക്കാൾ മെച്ചപ്പെട്ടതാണെന്നും പറഞ്ഞു വരുന്നുണ്ട്. ഇതൊക്കെ പറഞ്ഞ് പ്രത്യേകമായ നിലയിൽ ഇസ്ലാമിനെയാണ് കുറിമാനമാക്കിക്കൊണ്ടിരിക്കുന്നത്. മറ്റുമതങ്ങളിലെ അധികമാളുകളും മതകാര്യത്തിൽ ഏകദേശം ബന്ധമില്ലാത്തവരായി കഴിഞ്ഞിട്ടുണ്ട്. ഇസ്ലാം മാത്രമാണ്, മുസ്ലീംകളിൽ ഭൂരിപക്ഷമാളുകളുമാണ് തങ്ങളുടെ മതവിശ്വാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ കർമങ്ങൾ ചെയ്യാത്തവരായ മുസ്ലീംകൾപോലും തങ്ങൾ ഇസ്ലാംമതവിശ്വാസികളാണെന്ന് പറയുന്നവരാണ്. അതുകൊണ്ട് യഥാർഥമായ ആക്രമണം ഇസ്ലാമിന്റെമേൽ തന്നെയാണ്. മതത്തിൽനിന്ന് അകറ്റാനുള്ള ശ്രമത്തിൽ പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ വിവിധ രീതികളിൽ വിവിധ കാര്യങ്ങൾ പറഞ്ഞ് നമ്മുടെ കുട്ടികളുടേയും യുവാക്കളുടേയും മനസ്സുകളിൽ വിഷം കുത്തിനിറയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ചർച്ച ചെയ്യുന്നതിലേക്ക്, അന്വേഷിക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുന്നു എന്നതാണ് അവിടത്തെ അധ്യാപനരീതി. ഇതിലേക്ക് ശ്രദ്ധിക്കേണ്ടത് വളരെ നല്ല കാര്യമാണ്. പക്ഷേ, അതിന് ശരിയായ രീതി ഉണ്ടായിരിക്കേണ്ടതാണ്. എന്തായാലും യുവാക്കളോ യുവത്വത്തിലേക്ക് കാലെടുത്തുവെക്കുന്ന ആൺകുട്ടികളോ പെൺകുട്ടികളോ വീട്ടുകാരുടെ, അതായത് തങ്ങളുടെ മാതാപിതാക്കളുടേയും മുതിർന്നവരുടേയും അടുക്കൽ വിവിധ ചോദ്യങ്ങൾക്ക് മറുപടി അന്വേഷിച്ച് ചെല്ലുമ്പോൾ അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നതിനു പകരം അവരെ ചില സമയത്ത് അടിച്ചമർത്താൻ ശ്രമിക്കുകയാണ് ചെയ്യാറുള്ളത്. ഇതുമുഖേന യുവത്വത്തിലേക്ക് കാലെടുത്തുവെക്കുന്ന കുട്ടികളും മനസ്സിലാക്കുന്നത് -അത് ഇസ്ലാമാണെങ്കിലും വേണ്ടില്ല- സത്യമാണെന്നും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടെന്നുള്ള വാദം അതിനുണ്ടെങ്കിലും കാലത്തിനനുസൃതമായി കർമപരമായ പരിഹാരം അതിൽ ഇല്ലെന്നാണ്. അല്ലെങ്കിൽ അതിൽ മറുപടിയില്ലെന്നാണ്! അതുമല്ലെങ്കിൽ വലിയവരുടെ പ്രവർത്തി കുട്ടികൾക്കുനല്കുന്ന പാഠത്തിൽ വ്യത്യാസമുണ്ടെന്നുമാകാം. കുട്ടികൾ ഒരു സമയംവരെ അധ്യാപനപരമായ കാര്യങ്ങൾ കേട്ട് മൗനം പാലിക്കാറുണ്ട്. പക്ഷേ, അവർക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ദീനിൽനിന്ന് അകന്നുപോകുന്നു. പിന്നീട് അവർ ചെന്നുപെടുന്നത് മതത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നവരുടെ കൈയിലാണ്. ഇക്കാരണത്താലാണ് ഇസ്ലാം മനോഹരങ്ങളായ അധ്യാപനങ്ങളടങ്ങിയതും ജീവസുറ്റ മതവുമായിരുന്നിട്ടും ഇപ്പോൾ മുസ്ലീംകളിലും മതത്തേയും ദൈവത്തേയും നിഷേധിക്കുന്ന ആളുകളെ കണ്ടുവരുന്നത്. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ നമ്മളിൽ ഓരോരുത്തരും ഈ ഭാഗത്തേക്ക് ശ്രദ്ധ നല്കേണ്ട ആവശ്യമുണ്ട്. എങ്ങനെ നമ്മളെസ്വയം ദീനനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാക്കാം? എങ്ങനെ നമ്മുടെ മക്കളെ നിയന്ത്രിച്ചു നിറുത്താം.? ഈ പ്രശ്നങ്ങളുടെ പ്രതിസന്ധികൾ അകറ്റുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് അല്ലാഹു ഇക്കാലഘട്ടത്തിൽ നമ്മളിൽ ഔദാര്യം ചെയ്തിരിക്കുന്നു. ആ മഹാത്മാവ് (അ) ഇതു മനസ്സിലാക്കുന്നതിനുള്ള ഗ്രാഹ്യം നമ്മളിൽ ഉണ്ടാക്കിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതു പരിഹരിക്കുന്നതിനും നമുക്ക് ഉപകാരം ചെയ്തിരിക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിക്കൽ ഇതിന്റെ വെളിച്ചത്തിൽ ഒരു ഖുത്ബ നല്കി. അതിൽ സ്വഭാവങ്ങൾ എങ്ങനെയാണ് സംസ്കരിച്ചെടുക്കാൻ കഴിയുക, ഭൗതികാഭിവൃദ്ധികളും മതവുമായിട്ടുള്ള ബന്ധം എന്താണ്, ഇസ്ലാം അത് എങ്ങനെയാണ് നോക്കിക്കാണുന്നത്, നബി(സ)തിരുമേനി എങ്ങനെയാണ് തന്റെ കർമങ്ങൾ കൊണ്ടും പ്രവർത്തനപരമായ മാതൃകകൾ കൊണ്ടും അവ മനസ്സിലാക്കിത്തന്നത്, അതിന്റെ യാഥാർഥ്യമെന്താണ് തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

ഇസ്ലാം പ്രകൃതിമതമാണെന്ന കാര്യം മുന്നിൽവച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:"മതവും സൽസ്വഭാവവും മനുഷ്യന്റെ ശരീരവുമായി ബന്ധംവയ്ക്കുന്ന രണ്ടു ആവശ്യങ്ങളാണ്. എത്രമാത്രം ബന്ധംവയ്ക്കുന്നവെ

ന്നാൽ അവയെ വേർപെടുത്തുക ദുഷ്കരമാണ്. മതത്തിൽ വിശ്വസിക്കുന്നവന് സൽസ്വഭാവങ്ങളെ മതത്തിൽനിന്ന് വേർപെടുത്താൻ സാധിക്കുകയില്ല. തന്നെ, മതം ഭൗതികതയിൽനിന്ന് അശ്രദ്ധനാക്കിയെന്നും നിരാശ്രയനാക്കിയെന്നും അതുകൊണ്ട് ഇതിന്റെ ആവശ്യമില്ലെന്ന് പറയാനും പറ്റുകയില്ല. തനിക്ക് ഇനി ഒന്നിന്റേയും ആവശ്യമില്ല എന്ന ചിന്തയാണെങ്കിൽ മാനുഷികാഭിവൃദ്ധിയുടെ അതായത് ഭൗതികാഭിവൃദ്ധിയുടെ ചക്രം നിലച്ചുപോകുന്നു. അതായത് മതവും സൽസ്വഭാവവും ഭൗതികാഭിവൃദ്ധിയുമെല്ലാം പരസ്പരം കൂടിച്ചേർന്നു നില്ക്കുന്നതാണ്. പക്ഷേ, എന്നിരുന്നാലും അവ തമ്മിൽ വ്യത്യാസമുണ്ട്. മതത്തിൽ വിശ്വസിക്കാത്തവർ സൽസ്വഭാവവും ഭൗതികാഭിവൃദ്ധിയും മനുഷ്യന്റെ ആവശ്യമാണ് എന്നു പറഞ്ഞുകൊണ്ട് സ്വതന്ത്രരാകാൻ ശ്രമിക്കുന്നു. എന്നാൽ, ഒരു യഥാർഥ മുസൽമാൻ പറയുന്നത് മതം അല്ലാഹുവിന്റെ അടുക്കൽ എത്തിക്കുന്നതിനുള്ള വഴി കാണിക്കുന്നതുകൊണ്ട് മതത്തിന്റെ ആവശ്യമുണ്ടെന്നാണ്.

അതിനാൽ ചിന്താഗതികൾ തമ്മിലുള്ള വ്യത്യാസമാണിത്. ഇക്കാര്യങ്ങളെ നമ്മൾ എങ്ങനെയാണ് കാണേണ്ടത്? ഇതിനെ എങ്ങനെയാണ് പരസ്പരം ബന്ധിപ്പിക്കേണ്ടത്? മറ്റുള്ള മതങ്ങൾ മൃതങ്ങളായിക്കൊണ്ടിരിക്കുന്നു. അവയ്ക്കുള്ള പരസ്പരബന്ധം സ്ഥാപിക്കുന്നത് ഇസ്‌ലാം മാത്രമാണ്. പക്ഷേ, ഭൂരിപക്ഷ മുസ്‌ലീംകളും മതത്തിന്റെ യാഥാർഥ്യം മനസ്സിലാക്കാതെ തെറ്റായ രീതിയിൽ സ്വഭാവങ്ങളുമായി ബന്ധംവയ്ക്കുന്ന കാര്യങ്ങളേയും ഭൗതികതകളുമായി ബന്ധംവയ്ക്കുന്ന കാര്യങ്ങളേയും മതവുമായി ഏതുരീതിയിൽ ബന്ധിപ്പിച്ചുവെന്നാൽ, മതത്തെ മനോഹരമാക്കി സമർപ്പിക്കുന്നതിനുപകരം, അതിലേക്ക് ആകർഷിച്ചെടുക്കുന്നതിനുപകരം അതിശയോക്തിയുടെ അതിർത്തിയിലെത്തി മതങ്ങളിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്നവരായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇക്കാരണത്താലാണ് വിവിധ ഭീകരവാദ സംഘങ്ങൾ തങ്ങളുടെ ഇസ്‌ലാം നടപ്പിൽ വരുത്തുന്നതിനുവേണ്ടി തങ്ങളുടേതായ സ്വഭാവ ചട്ടങ്ങളും തങ്ങളുടെ പേരുവെക്കപ്പെട്ട നിയമങ്ങളും ഉണ്ടാക്കി കൊല്ലും കൊലയും ചെയ്തുകൊണ്ടിരിക്കുന്നത്. യമനിൽ എന്തൊന്നാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത് അതും ഇക്കാരണത്താലാണ്. അതായത് തങ്ങൾക്ക് തോന്നുന്ന ഫത്‌വകൾ മതത്തിന്റെ പേരു നല്കി നിരാപരാധികളുടെമേൽ വ്യോമാക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊന്നും ഇസ്‌ലാമിൽ യഥാർഥ ഇസ്‌ലാമിൽ കാണാനെ കഴിയുകയില്ല. ഇതുകൊണ്ടാണ് ഈ ഉലമാക്കളുടേയും ഫത്‌വ നല്കുന്നവരുടേയും പിന്നാലെ പോയി ഭൂരിപക്ഷ മുസ്‌ലീംകളും ഇസ്‌ലാമിൽനിന്ന് ദൂരപ്പെട്ടുകിടക്കുന്നത്. മതത്തിന്റെ പേരിൽ എന്തെങ്കിലും നേട്ടം അവർക്ക് കിട്ടാൻ സാധ്യതയുള്ളത്, ശരിയായ മതം സ്വായത്തമാക്കിയാൽ ഒരു പരിധിവരെ ധാർമികപരമായ ഉയർച്ച അതായത് അവരിൽ മതത്തിന്റെ ഭയമുണ്ടാകാം എന്നത് മാത്രമാണ്. പക്ഷേ, ആദ്യമേതന്നെ സൽസ്വഭാവം ഉള്ളവന് മതത്തിന്റെ ആവശ്യമെന്താണെന്ന് ചോദിക്കാറുണ്ട്. എന്നാൽ, ഭൗതികതകൾ സൽസ്വഭാവത്തിന്റേയും മതത്തിന്റേയും എത്രമാത്രം അടുത്താണെന്നുവച്ചാൽ സാധാരണക്കാരന് അതിന്റെ ഒരറ്റം എവിടെന്ന് ആരംഭിക്കുകയും എവിടെ അവസാനിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാൻ പറ്റുകയില്ലെന്ന് ചിന്തിക്കുമ്പോൾ മനസ്സിലാകും.

ഇതു മനസ്സിലാക്കുന്നതിനുവേണ്ടി നമ്മൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിൽ ചിന്തിക്കുകയും നോക്കുകയും ചെയ്യുന്നു. നബി(സ)തിരുമേനി ലോകത്തിന്റെ ഭൗതികമായ പരിഷ്കർത്താവുമാണ്, ആധ്യാത്മിക പരിഷ്കർത്താവുമാണ്. ആത്മീയപരിഷ്കർത്താവുമാണ്. നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതം എല്ലാത്തിന്റേയും സമുച്ചയമാണ്. ഒരു ഭാഗത്ത് അവിടന്ന് കല്പിക്കുന്നു, **അദ്ദുആഉ മുഖ്ഖുൽ ഇബാദത്തി.** മറുഭാഗത്ത് ആത്മീയതയുടെ പരിപൂർത്തിയെ സംബന്ധിച്ച് സമ്മർദം ചെലുത്തുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പക്കൽ ദുആയിൽ മൂന്നു കാര്യങ്ങൾ ഉണ്ടാകേണ്ടത് നിർബന്ധമാണ്. ഒന്നാമത്തേത് ദുആ സ്വീകരിക്കപ്പെടുമെന്ന് ദൃഢമായും വിശ്വസിക്കുക. രണ്ടാമത്തേത് താൻ വിളിക്കുന്നവനിൽ സഹായിക്കാനുള്ള ശക്തിയുണ്ടെന്ന് വിശ്വസിക്കുക. മൂന്നാമത്തേത് മറ്റു കാര്യങ്ങളിലേക്കുള്ള സ്വാഭാവികമായ ചായ്‌വോ സ്വാഭാവികമായ സ്നേഹമോ ഉണ്ടെങ്കിൽ അത് നിറുത്തുകയും വെറും പ്രണേതാവിലേക്ക് അതു കൊണ്ടുപോകുകയും ചെയ്യുക. ഇതിന് അമ്മയുടേയും കുഞ്ഞിന്റേയും ഉദാഹരണമാണുള്ളത്. ഇതു മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. അമ്മയും കുഞ്ഞും തമ്മിലുള്ളത് പ്രകൃതിപരമായ ബന്ധമാണ്. അമ്മ കുഞ്ഞിനെ സഹായിക്കാൻ പ്രാപ്തയാണെങ്കിലും അല്ലെങ്കിലും കുഞ്ഞ് അമ്മയെ മാത്രമേ വിളിക്കൂ. എത്രത്തോളമെന്നാൽ കടലിൽ മുങ്ങിത്താഴുന്ന കുട്ടിയും തന്റെ അമ്മയ്ക്ക് നീന്താൻ അറിയുകയില്ല എന്നറിയുന്നെങ്കിലും അവന്റെ അമ്മ അടുത്തുണ്ടെങ്കിൽ ആ അമ്മയെ മാത്രമേ സഹായത്തിനായി വിളിക്കുകയുള്ളു. മറ്റാരേയും വിളിക്കുകയില്ല. ഇതൊരു വൈകാരികമായ ബന്ധമാണ്. ഇതിനെ സംബന്ധിച്ചാണ് നബി(സ) തിരുമേനി പറഞ്ഞത്, **അദ്ദുആഉ മുഖ്ഖുൽ ഇബാദത്തി** എന്ന്. അതായത് ദുആ കൂടാതെ മനുഷ്യന്റെ വിശ്വാസത്തെ പൂർണമാക്കാൻ പറ്റുകയില്ല. അതിനാലാണ് നബി(സ)തിരുമേനി മനുഷ്യനും അല്ലാഹുവും തമ്മിലുള്ള ബന്ധത്തെ അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധമായി പറഞ്ഞിട്ടുള്ളത്. അതായത് കണ്ണടച്ചുകൊണ്ട് അവനിലേക്ക് ഓടുക. അവനിലേക്ക് പോകുക. പിന്നീടുള്ള രണ്ടാമത്തെ കാര്യം സൽസ്വഭാവങ്ങളാണ്. നബി(സ)തിരുമേനിയുടെ മാർഗദർശനം കൂടാതെ സൂക്ഷ്മദൃഷ്ടിയുള്ള ആൾക്കുപോലും ദർശിക്കാൻ പറ്റാത്ത അതിസൂക്ഷ്മങ്ങളായ സൽസ്വഭാവങ്ങൾ അവിടത്തെ ജീവിതത്തിൽ ഉണ്ടായിരുന്നു എന്നാണ് നമ്മൾ കാണുന്നത്.

നബി(സ)തിരുമേനിയുടെ ജീവിതചരിത്രം വായിക്കുമ്പോൾ, സൽസ്വഭാവങ്ങളുടെ വലിയവലിയ കാര്യങ്ങളിലും അവിടന്ന് അധ്യാപനങ്ങൾ നല്കിയിരിക്കുന്നുവെന്ന് മനസ്സിലാകുന്നു. അതിൽ എങ്ങനെയുള്ള മാതൃക കാണിച്ചുവെന്നാൽ, അതു നോക്കുമ്പോൾ അവിടന്ന് ആയുസ്സ് മുഴുവൻ സൽസ്വഭാവങ്ങളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരുന്നുവെന്നും ദർസുകൊടുത്തുകൊണ്ടിരുന്നുവെന്നുമാണ് മനസ്സിലാകുന്നത്. മനുഷ്യരുടെ പരസ്പരമുള്ള ബന്ധങ്ങൾ, ബന്ധുക്കൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ, മനുഷ്യന്റെ വ്യക്തിപരമായ കാരക്ടറിന്റെ വിശദീകരണങ്ങൾ, കളവ്, വിശ്വാസവഞ്ച

ന, ദുർഭാവനയിൽനിന്ന് വിട്ടുനില്ക്കൽ തുടങ്ങിയവയിലെല്ലാംതന്നെ അവിടത്തെ ജീവിത മാതൃകയും അധ്യാപനങ്ങളും പൂർണവും തികവുറ്റതുമാണ്. നിരവധികാലം ജീവിച്ചിരുന്നാലും നബി(സ)തിരുമേനി കാണിച്ചിരുന്നതുപോലുള്ള മാതൃക ആർക്കും കാണിക്കാൻ കഴിയുകയില്ല. പിന്നീടുള്ള മൂന്നാമത്തെ കാര്യം ലൗകികതയാണ്. നമ്മൾ നോക്കുമ്പോൾ നബി(സ)തിരുമേനിയുടെ അധ്യാപനം ഈ ഭാഗത്തേക്കും നമുക്ക് മാർഗനിർദേശം നല്കുന്നു. ഉദാഹരണത്തിന് ഒരു നഗരജീവിതത്തിന് വഴികൾ വിസ്താരമുള്ളതാക്കിവെക്കേണ്ടതുണ്ട്. വൃത്തിയുള്ള വെള്ളം ഏർപാട് ചെയ്യേണ്ടതുണ്ട്. പട്ടണം ആൾപാർപുള്ളതാക്കിമാറ്റണം. അല്ലെങ്കിൽ ജനവാസം പുതിയതായി ഉണ്ടാക്കണം. അതിലേക്ക് വലിയ വലിയ ആളുകൾ ചിന്തിക്കുകയും ശ്രദ്ധിക്കുയും ചെയ്യുന്നു. നബി(സ) ഇക്കാര്യത്തെക്കുറിച്ച് നമ്മളോടു പറഞ്ഞു. വഴികൾ വൃത്തിയായി വെക്കുന്നതിനെക്കുറിച്ച് പറഞ്ഞു. വീടുകൾ വിശാലവും വായുസഞ്ചാരമുള്ളതുമാക്കി വെക്കുന്നതിനെക്കുറിച്ച് പറഞ്ഞു. എല്ലാ ഭൗതിക വസ്തുക്കളെക്കുറിച്ചും ഭൗതിക കാര്യങ്ങളെക്കുറിച്ചും അവിടന്ന് പറഞ്ഞു. ഭരണപരമായ കാര്യങ്ങൾ, സാംസ്കാരിക കാര്യങ്ങൾ, വാണിജ്യം, വ്യാവസായികം തുടങ്ങി എല്ലാ കാര്യങ്ങളും അതാതിന്റെ അവസരത്തിൽ അവിടന്ന് വിശദീകരിച്ചു. അതിന്റെ വലിയ വിശദീകരണങ്ങൾ അവിടത്തെ ജീവിത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്.

മറുഭാഗത്ത് ആ പാശ്ചാത്യ അല്ലെങ്കിൽ വികസിത സംഘമാണുള്ളത്. അവരുടെ പക്കൽ മതത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമുള്ള കാര്യമല്ല. മതാധ്യാപനങ്ങൾക്ക് ഒട്ടും ആദരവുമില്ല. സൽസ്വഭാവങ്ങൾക്ക് ഒരു മാന്യതയുമില്ല. അവർ എല്ലാ കാര്യത്തേയും ഭൗതികമാക്കുകയാണ് ചെയ്യുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'അവരുടെ തത്ത്വചിന്തകന്മാർ അക്കാലഘട്ടത്തിൽ പറഞ്ഞു, 'ദൈവം ലോകത്തെ എങ്ങനെ സൃഷ്ടിച്ചു എന്നതല്ല പ്രശ്നം. മറിച്ച് മനുഷ്യൻ എങ്ങനെ ദൈവത്തെ സൃഷ്ടിച്ചു എന്നതാണ്.' നഊദുബില്ലാഹ്. അവരുടെ പക്കൽ ദൈവത്തിന്റെ പ്രശ്നം മാനുഷികമായ പരിണാമത്തിന്റെ ഫലമാണ്. ഈ ചിന്താഗതി കാരണത്താൽ ദൈവം ഒരു സ്വയംകൃത വസ്തുവാണ് എന്ന് കരുതി ഇന്നത്തെ ഫിലോസഫർമാർ നിരീശ്വരത്ത്വത്തിലേക്ക് പോയി. എന്നല്ല വിദ്യാഭ്യാസത്തിന്റേയും കൂർമ ബുദ്ധിയുടേയും പേരിൽ പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്നവരിൽ ഭൂരിഭാഗവും ദൈവനിഷേധികളായികഴിഞ്ഞിരിക്കുന്നു. വെറും സൽസ്വഭാവങ്ങളേയും ഭൗതിക പുരോഗതിയേയും എല്ലാമായി മനസ്സിലാക്കുന്നു. ഈ നിരീശ്വരതൽപരരായ ആളുകളുടെ വീക്ഷണഗതികളെ ഇക്കാലത്തെ മൗലവിമാർ കൂടുതൽ ഊതിവീർപിക്കുന്നു. അവരാണെങ്കിൽ തങ്ങളുടെ എല്ലാ കാര്യങ്ങളേയും തങ്ങളുടെ എല്ലാ വീക്ഷണഗതികളേയും മതത്തിന്റെ ഭാഗമെന്ന് പറഞ്ഞുകൊണ്ട് വിസ്മയകരമായ അജ്ഞതകളാണ് പരത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നോക്കുകയാണെങ്കിൽ ഇക്കാലത്തെ ഉലമാക്കളും അസത്യം പേറുന്നവരാണ്. മതത്തേയും ഭൗതികതയേയും മനസ്സിലാക്കുന്നവരും അതിനെ നിഷേധിക്കുന്നവരും അബദ്ധം പിണഞ്ഞവരുമാണ്. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ യാഥാർഥ്യം പറഞ്ഞു തന്നിരിക്കുന്നതുകൊണ്ട് അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. അതായത് എല്ലാ കാര്യങ്ങളോടുമുള്ള കടമ അതിന്റെ മധ്യമനിലയോടുകൂടി നിറവേറ്റേണ്ടതാണ്. ഇതാണ് യഥാർഥമായ മതം. അവിടന്ന് പറഞ്ഞു: 'ഇബാദത്ത് നിർബന്ധമാണെന്നത് ശരിതന്നെയാണ്. അത് അങ്ങേയറ്റം നിർബന്ധമാണ്. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമാണ്. പക്ഷേ, **വ ലി നഫ്സക്ക അലയ്ക്ക ഹഖ്ഖുൻ വ ലിസൗജിക്ക അലയ്ക്ക ഹഖ്ഖുൻ വ ലി ജാരിക്ക അലയ്ക്ക ഹഖ്ഖുൻ** നിന്റെ ശരീരത്തിന് നിന്നിൽ അവകാശമുണ്ട്, നിന്റെ ഭാര്യക്ക് നിന്നിൽ അവകാശമുണ്ട്, നിന്റെ അയൽവാസിക്കും നിന്നിൽ അവകാശമുണ്ട്. അത് കരസ്ഥമാക്കാൻ നമുക്ക് മൂന്നു രീതിയിലുള്ള മാർഗങ്ങൾ ഉപയോഗിക്കേണ്ടത് നിർബന്ധമാണ്. ഒന്നാമത്തെ കാര്യം ദുആ. അല്ലാഹുവിലേക്ക് കുനിയുക. അത് ഇബാദത്താണ്. രണ്ടാമത്തേത് ആത്മാവിനുമേൽ നിയന്ത്രണം സ്ഥാപിക്കുക. വികാരങ്ങളെ അടിച്ചമർത്തുക. ശരീരേച്ഛകളെക്കുറിച്ച് ചിന്തിക്കുക. മൂന്നാമത്തേത് വിശ്വസ്തതയോടെ നമ്മുടെ ജോലിയും പ്രവൃത്തിയും ചെയ്യുക. ഭൗതികവും ശാസ്ത്രീയവുമായ അറിവ് സമ്പാദിക്കേണ്ടത് നിർബന്ധമാണ്. മുസ്ലീംകളുടെ മോശമായ അവസ്ഥയ്ക്കുകാരണം അവർ അല്ലാഹുവിനേയും അല്ലാഹുവിന്റെ മതത്തേയും മുന്തിക്കുകയും ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങളിൽ ചിന്തിക്കാതിരിക്കുകയും ചെയ്തു എന്നതാണ്. പ്രത്യുത തങ്ങളുടെ ശാരീരികാവേശങ്ങളുടെ പേര് മതമെന്ന് വെച്ചു. അല്ലാഹു ഇറക്കിയ മതത്തെ മുന്തിച്ചില്ല. അവർ മുന്തിച്ചിരുന്നെങ്കിൽ മറ്റു കാര്യങ്ങളിലും ശ്രദ്ധിക്കുമായിരുന്നു. തങ്ങളുടെ ശാരീരികാവേശത്തിന് മതം എന്ന് പേരിട്ട് അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി-മറ്റുള്ളവർക്ക് ഇസ്ലാമിന്റെ നന്മകൾ എന്തുപറഞ്ഞുകൊടുക്കാനാണ്- ശാരീരികാവേശത്തിന്റെ സ്വയംകൃത മതത്തെ പിൻപറ്റി മുസ്ലിം മുസ്ലിമിന്റെ കഴുത്തറുത്തുകൊണ്ടിരിക്കുന്നു. അവർക്ക് ദീനും കിട്ടിയില്ല. ദുൻയാവും കിട്ടിയില്ല. ഇതിനുപകരം ഭൗതികതയുടെ മുമ്പിൽ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൈനീട്ടുകയാണ്. ഇതാണ് ഇക്കാലത്ത് മുസ്ലിം ലോകത്ത് നമ്മൾ കണ്ടുവരുന്നത്. പാശ്ചാത്യജനതകൾ മതത്തെ ഭൗതികതയ്ക്ക് വിധേയമാക്കി. അവരുടെ ചിന്തയിൽ മതം ഒരു വസ്തുവെ അല്ല. ലോകം തന്നെയാണ് സർവവും. പക്ഷേ, അവർ ദുൻയാവ് കരസ്ഥമാക്കി. ഇവരും മാർഗഭ്രംശം സംഭവിച്ചവരാണെന്നതിൽ സംശയമില്ല. പക്ഷേ, അവർ മനസ്സിലാക്കിയിട്ടുള്ള ഉദ്ദേശ്യം അവർ തെറ്റായ രീതിയിലാണെങ്കിലും കരസ്ഥമാക്കിയിട്ടുണ്ട്. പക്ഷേ, മുസ്ലീംകൾക്ക് ദീനും കിട്ടിയില്ല ദുൻയാവും കിട്ടിയില്ല.

ഈ രണ്ടുതരത്തിലുള്ള ആളുകളുടെ പരിഷ്കരണത്തിനായി ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചു. ഇത്തരം ഘട്ടങ്ങളിൽത്തന്നെയാണ് അല്ലാഹു തന്റെ ആളുകളെ നിയോഗിക്കുന്നത്. അവർ ശരിയായ മാർഗദർശനം നല്കി മതത്തെ മതത്തിന്റെ സ്ഥാനത്തും സ്വഭാവങ്ങളെ സ്വഭാവങ്ങളുടെ സ്ഥാനത്തും ലോകത്തെ ലോകത്തിന്റെ സ്ഥാനത്തും വെക്കുന്നു. ബാഹ്യമായി നോക്കുമ്പോൾ അവർ ആത്മീയ സന്ദേശങ്ങളുമായിട്ടാണ് വരുന്നത്. എന്നാൽ, ഈ മൂന്നു കാര്യങ്ങൾക്ക് അഗാധമായ ബന്ധമുണ്ട്. ആത്മീയതയിൽ സ്വഭാവങ്ങൾ നന്നാവേണ്ടത് നിർബ

സ്ഥമാണ്. സ്വഭാവങ്ങളുടെ ശ്രദ്ധകൊണ്ട് ഭൗതികതയുടെ പരിഷ്കരണവും നിർബന്ധമാണ്. എന്നാൽ, ദുൻയാവ് ശരിയായിട്ടുള്ളവന് എല്ലാം കിട്ടിക്കൊള്ളണമെന്ന് നിർബന്ധമില്ല. അത് അസാധ്യവുമാണ്. അവൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടാവും, അവന്റെ സ്വഭാവങ്ങളും ശരിയായതായിരിക്കും. സ്വഭാവം ശരിയായിട്ടുള്ളവന്റെ മതവും ശരിയായതായിരിക്കും. ഇതിനുകാരണം അല്ലാഹുവിന്റെ ഇച്ഛ മനുഷ്യനെ തന്റെയടുത്തേക്ക് കൊണ്ടു വരികയെന്നതാണ്. അവന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. അതുകൊണ്ട് അവനിലേക്ക് ശ്രദ്ധിക്കുന്നവന് മറ്റുള്ളതെല്ലാം സ്വയമേവ കിട്ടുന്നതിനുവേണ്ടി അവൻ സ്വഭാവസംസ്കരണത്തേയും ഭൗതികാഭിവൃദ്ധിയേയും മതത്തിന് വിധേയമാക്കി. സമ്പൂർണനായ സത്യവിശ്വാസിക്ക് എല്ലാ അഭിവൃദ്ധികളും ലഭിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. എന്നാൽ, വെറും ലൗകികനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, **ളല്ല സഅ്‌യുഹും ഫിൽ ഹയാത്തിദ്ദുൻയാ**(18:105)അവരുടെ എല്ലാ ശ്രമങ്ങളും ദുൻയാവിൽതന്നെ അപ്രത്യക്ഷമായിപ്പോയി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതിനുദാഹരണം നല്കിക്കൊണ്ട് പറഞ്ഞു:"ആത്മീയത കൈക്കൊള്ളുന്നവർക്കുവേണ്ടി അതായത് മുകളിൽനിന്ന് താഴേക്ക് വരുന്നവർക്ക് ഗോവണിയുണ്ട്. എന്നാൽ, താഴത്തുനിന്ന് മുകളിലേക്ക് പോകുന്നവർക്ക് ഗോവണിയില്ല."

ലോകത്ത് ഈ മൂന്നുകാര്യങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടി വെവ്വേറെ മാർഗങ്ങളാണുള്ളതെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, ഒരു മാർഗം എല്ലാം കൂടിച്ചേർന്നതുമാണ്. അത് അല്ലാഹുവുമായി പൂർണബന്ധം ഉണ്ടാക്കുക എന്നതാണ്. സ്വഭാവങ്ങൾക്കുവേണ്ടി പരിശ്രമിച്ചാൽ സ്വഭാവങ്ങൾ കിട്ടും.ഭൗതികതയ്ക്കുവേണ്ടി ശ്രമിച്ചാൽ ഭൗതികത കിട്ടും. ഭൗതികമായ ഉയർച്ച ലഭിക്കുന്നതാണ്. എന്നാൽ, എല്ലാ ശ്രമത്തിന്റേയും ഫലം ഒരു വൃത്തത്തിനുള്ളിൽ പരിമിതമായിരിക്കും. അതിൽനിന്ന് പുറത്തു വരികയില്ല. എന്നാൽ, ആത്മീയത നന്നാക്കിയെടുക്കുന്നവന് എല്ലാ വസ്തുക്കളും ലഭിക്കുന്നതാണ്. മനുഷ്യൻ അല്ലാഹുവിലേക്ക് നടക്കാൻ തുടങ്ങിയാൽ, ഏതുപോലെ അവൻ മുൻകഴിഞ്ഞു കടന്നവരോടൊപ്പം ചേർന്നിരുന്നുവോ അതുപോലെ ഇവരോടൊപ്പവും ചേർന്നിരിക്കും. ഇക്കാലത്തും അത് നടക്കാവുന്നതേയുള്ളു. മനുഷ്യൻ യഥാർഥത്തിൽ അതിനുവേണ്ടി ശ്രമിക്കുമ്പോഴാണ് ഇതുണ്ടാകുന്നത്. അല്ലാഹുവിന് ആരോടും ശത്രുതയൊന്നുമില്ല. നമ്മൾ പരിപൂർണമായ നിലയിൽ നമ്മളെ അല്ലാഹുവിന്റെ മുമ്പിൽ ഇടുകയാണ് വേണ്ടത്. അവന്റെ തിരുസന്നിധിയിൽ നമ്മളെ വീഴ്ത്തുക. എന്നാൽ, സ്വയംതന്നെ എല്ലാം കിട്ടുന്നതാണ്. നമുക്ക് അനിവാര്യമായിട്ടുള്ള അഭിവൃദ്ധി നമുക്ക് സ്വയം ലഭിക്കുന്നതാണ്. തീയുടെ അടുത്തിരിക്കുന്നവന്റെ പൊതുവായൊരു ഉദാഹരണമുണ്ട്. മനുഷ്യന്റെ എല്ലാ അവയവങ്ങളും ചൂടുപിടിക്കുന്നു എന്നതാണത്. ഇങ്ങനെ വരുമ്പോൾ എല്ലാ ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെയടുക്കൽ വരികയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് മനുഷ്യൻ ഓഹരി എടുക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ. അതുകൊണ്ട് അല്ലാഹുവിനെ കരസ്ഥമാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു അയച്ച മതത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുക. അല്ലാഹുവിനോടുള്ള സ്നേഹം സ്വാഭാവികം ആയിത്തീരുംവിധം ആക്കിത്തീർക്കുക. ഇക്കാര്യം നമ്മുടെ സ്വഭാവങ്ങളേയും ഉന്നതമാക്കിത്തീർക്കുന്നതാണ്. ഭൗതികമായ അഭിവൃദ്ധികളും നമ്മൾ കരസ്ഥമാക്കിക്കൊണ്ട് പോകും. അല്ലാഹുവിന്റെ പ്രകാശത്തിൽനിന്ന് നമ്മൾ പങ്കുപറ്റാൻ ശ്രമിക്കുകയാണെങ്കിൽ അപ്പോഴാണ് നമ്മൾ യഥാർഥത്തിൽ അനുഗ്രഹം പ്രാപിക്കുന്നവരാകുന്നത്. നമ്മൾ ഒരു ഉത്സാഹത്തോടുകൂടി ആ പ്രകാശത്തിൽ ഭാഗഭാക്കാകാൻ ശ്രമിച്ചാൽ കളവും-അതിരുട്ടാണ്-നമ്മളിൽനിന്ന് സ്വയം അകന്നുപോകും. അലസത, ചതി, വഞ്ചന മറ്റുള്ളവരുടെ അവകാശം പിടിച്ചെടുക്കൽ-ഇതെല്ലാം അന്ധകാരങ്ങളാണ്-അതുപോലുള്ള മറ്റു ദുഷ്കർമങ്ങളും അല്ലാഹുവിന്റെ പ്രകാശം കാരണത്താൽ സ്വയം അകന്നു പോകുന്നതാണ്. നമ്മുടെ സ്വഭാവങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നതാണ്. ഭൗതികാഭിവൃദ്ധിയും കിട്ടിക്കൊണ്ടിരിക്കുന്നതാണ്. അതിനാൽ ഈ സമൂഹത്തിൽ ജീവിച്ചുകൊണ്ട് നമ്മുടെ മക്കളെ ദുൻയാവിന്റെ ദുസ്സ്വാധീനത്തിൽനിന്ന് രക്ഷിക്കണമെങ്കിൽ മതവും സ്വഭാവങ്ങളും തമ്മിലുള്ള ബന്ധം അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ഭൗതികമായ അഭിവൃദ്ധിയേയും യഥാർഥ മതത്തിന്റെ കീഴിൽകൊണ്ടുവന്ന് മതവുമായി ബന്ധിപ്പിക്കേണ്ടതാണ്. അതായത് അവരുടെ മക്കളെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നതിന് നമ്മൾ സ്വയവും പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 24.04.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala